**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2723** **06-10-2025 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ഇ. ബി. യുടെ പുതിയ വൈദ്യുതി കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും പട്ടികജാതി വിഭാഗക്കാർക്കും പുതിയ വൈദ്യുതി കണക്ഷൻ നൽകുമ്പോൾ എന്തെല്ലാം ഇളവുകളാണ് കെ. എസ്. ഇ. ബി. നൽകിവരുന്നതെന്ന് വിശദീകരിക്കാമോ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകു വാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000w വരെ കണക്റ്റഡ് ലോഡുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്. ഇ.ബി.എൽ-ന്റെ തനതു ഫണ്ട് ഉപയോ ഗിച്ച് നൽകി വന്നിരുന്നു. ലൈൻ വലിച്ചു പോസ്റ്റുകൾ സ്ഥാപിച്ചു കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നതു കെ.എസ്.ഇ .ബി.എൽ-ന്റെ ശ്രദ്ധയിൽപ്പെട്ടതിനെ ത്തുടർന്ന് ലൈൻ വലിച്ചു നൽകേണ്ട കണക്ഷനുകളുടെ ദൂര പരിധി 31.03.2022-ലെ ബോർഡ് ഉത്തരവ് പ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്.<br><br>2022-27 കാലയളവിലേക്കായി 100 കോടി രൂപ ബി.പി.എൽ. വൈദ്യുതി കണക്ഷ നുകൾ നൽകാനായി കെ.എസ്.ഇ.ബി.എൽ.-ന്റെ Multi Year Plan-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് സെപ്റ്റംബർ 2025 വരെ 91.71 കോടി രൂപ ചെലവഴിച്ച് 78135 ബി.പി.എൽ. കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗക്കാർ നിർമ്മിക്കുന്ന നിശ്ചിത വിസ്തീർണ്ണത്തിൽല് കുറവുള്ള വീടുകൾക്ക് വൈദ്യുത തൂണുകൾ സൗജന്യമായി സ്ഥാപിച്ചു നൽകുന്ന നിലവിലെ ആനുകൂല്യം പുതിയ വീട് നിർമ്മിക്കുമ്പോൾ കൺസ്ട്രക്ഷൻ പർപ്പസിനായി എടുക്കുന്ന താത്കാലിക കണക്ഷന് അപേക്ഷിക്കുമ്പോൾ | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗാർഹികേതര ആവശ്യങ്ങൾക്ക് എടുക്കുന്ന കണക്ഷനു കൾക്ക്, സൗജന്യമായി തൂണുകൾ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ നൽകുവാനുള്ള നിർദ്ദേശം നിലവിൽ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | | |
| (സി) | സൗജന്യമായി വൈദ്യുത ലൂണുകൾ സ്ഥാപിച്ചു കിട്ടാൻ അർഹതയുള്ള വീടുകൾ നിർമ്മിക്കുന്നവർക്ക്, പ്രസ്തുത വീടിന്റെ നിർമ്മാണ ആവശ്യത്തിനായി താൽക്കാലിക വൈദ്യുത കണക്ഷന് അപേക്ഷിക്കുമ്പോൾ തന്നെ സൗജന്യമായി വൈദ്യുത ലൂണുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗാർഹികേതര ആവശ്യങ്ങൾക്ക് എടുക്കുന്ന കണക്ഷനു കൾക്ക്, സൗജന്യമായി ലൂണുകൾ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ നൽകുവാനുള്ള നിർദ്ദേശം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ